# കർത്താവിൽ രസിക്കുക

## യിരെമ്യാവു 6:14

"സമാധാനം ഇല്ലാതിരിക്കെ, സമാധാനം സമാധാനം എന്ന് അവർ പറഞ്ഞ് എന്റെ ജനത്തിന്റെ മുറിവിനു ലഘുവായി ചികിത്സിക്കുന്നു."

ഏതൊരു രോഗത്തിന്റെയും ലക്ഷണങ്ങളും, രോഗവും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്ന് അത് ചികിത്സിക്കുന്ന വൈദ്യന് അറിയാം. അതുപോലെ തന്നെയാണ് ആത്മാവിന്റെ രോഗത്തിന്റെ അവസ്ഥയും. ആത്മീകമായ എല്ലാ പ്രശ്നങ്ങളുടെയും വേരിന്റെ ഭാഗത്ത് അനേകം കാരണങ്ങൾ ഉണ്ടാകും. ആ കാരണങ്ങൾക്കെല്ലാം അതിന്റേതായ കാര്യങ്ങളും ഉണ്ട്.

എന്നാൽ ഇവിടെ പ്രശ്നം, കാരണത്തിനുള്ള മരുന്നല്ല, കാര്യത്തെയാണ് ആക്രമിക്കുന്നത്. രോഗത്തിന്റെ മൂലകാരണത്തെ ചികിത്സിച്ചു സുഖപ്പെടുത്തുന്നതിന് അകത്തു കഴിക്കാൻ മരുന്നു കൊടുക്കാതെ, പുറമെ തൈലം പൂശി ലഘുവായ ചികിത്സ നടത്തുന്നു. കുറിവാക്യത്തിൽ നാം കണ്ടതായ അനുഭവം ഇതു തന്നെയല്ലേ. "സമാധാനം ഇല്ല" എന്നതാണ് കാര്യം. എന്നാൽ, സമാധാനത്തിനുള്ള കാരണത്തെ തള്ളിക്കളഞ്ഞ്, ലഘുവായി തന്റെ ജനത്തിന്റെ മുറിവ് ചികിത്സിക്കുന്നു.

ഇന്ന് മൂലകാരണം അന്വേഷിക്കാനോ കണ്ടുപിടിക്കാനോ താൽപര്യമില്ലാതെ ആയിപ്പോകുന്നു. ആത്മീയ വിരസത തന്നെയാണ് അതിനുള്ള കാരണവും. ആഴ്ചയിൽ ആറ് ദിവസവും ജീവിതത്തിന്റെ വിവിധങ്ങളായ ഇടപാടുകളിലും, ഉത്തരവാദിത്വങ്ങളിലും, കർത്താവിനെ കൊണ്ടുവരാതെ, ഹൃദയം തിരക്കിൽ മാത്രം വ്യാപൃതനാക്കുന്നവന്, 7-ാം ദിവസം ആരാധനയിലോ, ശുശ്രൂഷയിലോ രസിക്കുവാൻ കഴിയില്ല. അതേ, ഒരു വിരസത അഥവാ താൽപര്യമില്ലായ്മ.

കർത്താവുമായി നിരന്തരം, ദിനം തോറും ജീവിതത്തിന്റെ എല്ലാ കാൽചുവടുകളും അവനോടൊപ്പം ആയെങ്കിലേ ആത്മീകമായി ജീവിതത്തിന്റെ ബലഹീനതകൾ വെളിപ്പെടുകയുള്ളു. ദൈവവുമായുള്ള ഒരു സംഭാഷണം, ദൈവവചനത്തിലൂടെ പ്രാപിച്ചെടുക്കാൻ ഇടയാകട്ടെ.

മോശ സീനായ് പർവ്വതത്തിൽ ദൈവസാന്നിധ്യത്തിൽ ആയിരുന്നപ്പോൾ, ജനം കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിൽ രസിച്ചു. ഇതാണ് ഇന്നത്തെ ലോകം. ആകർഷകമായ ഉല്ലാസങ്ങൾ ഇല്ലെങ്കിൽ ദൈവസന്നിധിയിൽ പോലും കടന്നുവരാൻ വിമുഖത

കാണിക്കുന്ന ഒരു സമൂഹത്തിലാണ് നാം ആയിരിക്കുന്നത്. എത്ര ശ്രദ്ധയോടെ നമ്മുടെ ചുവടുകൾ ക്രമീകരിക്കേണ്ടിയിരിക്കുന്നു. കാര്യവും, കാരണവും ഒരുപോലെ കണ്ടെത്തി അത് ദേഹം, ദേഹി, ആത്മാവിന്റെ പൂർണ്ണ സൗഖ്യം ആയിത്തീരാൻ കർത്താവിനോട് യാചിക്കാം. സമാധാനം ഇല്ലാതിരിക്കെ സമാധാനം എന്നല്ല, പൂർണ്ണ സമാധാനം കർത്താവിൽ അനുഭവിച്ചു കൊണ്ട് ജീവിക്കാൻ നമ്മെ ഏവരെയും കർത്താവ് സഹായിക്കട്ടെ.

പരാമർശം:

**സങ്കീർത്തനങ്ങൾ 37:4**

യഹോവയിൽ തന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 058**